"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം തുറമുഖത്തെ മലബാർ ടഗ്ഗിന്റെ മെയിൻ ഡെക്ക് സാന്റ് ബ്ലാസ്റ്റിംഗ് ചെയ്ത് തകരാർ പരിഹരിച്ച പ്രവർത്തി സാധൂകരിച്ച് -ഭരണാനുമതി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.259/2025/F&P തീയതി,തിരുവനന്തപുരം, 10-04-2025

---

പരാമർശം:- കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14-03-2025 ലെ HOKMB-TVM/92/2025-D1 (Tech) നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം തുറമുഖത്തെ മലബാർ ടഗ്ഗിന്റെ മെയിൻ ഡെക്ക് തുരുമ്പിച്ച അവസ്ഥയിലായതിനാൽ ടി ഭാഗത്ത് സാന്റ് ബ്ലാസ്റ്റിംഗ് പ്രവർത്തി ചെയ്യുന്നതിനാവശ്യമായ 39,300/- രൂപയുടെ 2024/27 നമ്പർ എസ്റ്റിമേറ്റ് PRICE സോഫ്റ്റ് വെയർ മുഖാന്തിരം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (എം) കൊല്ലം തയ്യാറാക്കി നല്കിയതിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും, ആയതിൽ 3 സ്ഥാപനങ്ങൾ പങ്കെടുക്കുകയും ചെയ്തിരുന്നു. ടി പ്രവർത്തിയുടെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് മേൽ ക്വട്ടേഷനുകളിൽ ഏറ്റവും കുറവു തുകയായ 38,830/- രൂപ രേഖപ്പെടുത്തിയ M/s DIHARIYA Marine Engineering Services, Kochi എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നല്കിയതായി കൊല്ലം തുറമുഖ ഓഫീസർ അറിയിക്കുകയുണ്ടായെന്ന് സി.ഇ.ഒ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുരുമ്പ് മാറ്റുന്ന പ്രവൃത്തി ടഗ്ഗിന്റെ പ്രവർത്തനത്തിനു അത്യന്താപേക്ഷിതമായതിനാൽ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് കൊല്ലം തുറമുഖത്തെ മലബാർ ടഗ്ഗിന്റെ മെയിൻ ഡെക്ക് സാന്റ് ബ്ലാസ്റ്റിംഗ് ചെയ്ത് തകരാർ പരിഹരിക്കുന്നതിന് ക്വട്ടേഷനുകളിൽ ഏറ്റവും കുറവു തുകയായ 38,830/- രൂപ ക്വാട്ട് ചെയ്ത M/s DIHARIYA Marine Engineering Services, Kochi എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നല്കിയ കൊല്ലം തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് ഭരണാനുമതി 5051-80-800-98- Augmentation of Workshop & Stores Organization 19- Machinery & Equipments" എന്ന ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കൊല്ലം തുറമുഖത്തെ മലബാർ ടഗ്ഗിന്റെ മെയിൻ ഡെക്ക് സാന്റ് ബ്ലാസ്റ്റിംഗ് ചെയ്ത് തകരാർ പരിഹരിക്കുന്നതിന് M/s DIHARIYA Marine Engineering Services, Kochi എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നല്കിയ കൊല്ലം തുറമുഖ ഓഫീസറുടെ പ്രവർത്തി സാധൂകരിച്ച് ടി പ്രവർത്തിയ്ക്ക് 38,830/- രൂപയുടെ ഭരണാനുമതി 5051-80-800-98- Augmentation of Workshop & Stores Organization 19- Machinery & Equipments" എന്ന

ശീർഷകത്തിൽ കൊല്ലം തുറമുഖ ഓഫീസർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

BINDU V K

അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ
പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
സെക്ഷൻ ഓഫീസർ
Date: 11-04-2025 10:45:31